12/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2165*(2)/2020*/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **6359**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. സുനിൽ കുമാർ എസ്.ആർ.,**
**കുണ്ടാമത്ത് വീട്, കുരവറ,**
**ഒറ്റശേഖരമംഗലം പി.ഒ.,**
**പിൻ- 695 125.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**അണ്ടർ സെക്രട്ടറി,**
**പൊതുവിദ്യാഭ്യാസ(എഫ്) വകുപ്പ്,**
**ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി&**
**ജോയിന്റ് സെക്രട്ടറി,**
**പൊതുവിദ്യാഭ്യാസ(എഫ്) വകുപ്പ്,**
**ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.07. 2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.07.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.10. 2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.11. 2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.06.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23.06.2020 |
| ഹിയറിംഗ് നടന്ന തീയതി | 08.12.2022, കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.സുനിൽകുമാർ എസ്.ആർ., 15.06.2020ന് സമർപ്പിച്ച അപ്പീൽ ഹർജി 23.06.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2165(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തിക രമല്ലെന്നാണ്.

3. ഹർജിക്കാരൻ 01.07.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേ ക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) M.G.M.H.S. പൂഴനാടിന്റെ മാനേജുമെന്റ് തർക്കവുമായി ബന്ധപ്പെട്ട് WP(C)-38499/17ന്റെ അന്തിമ ഉത്തരവ് വന്നിട്ടുണ്ടോയെന്നും

2) എൻ.സുരേന്ദ്രൻ അംഗീകൃത അംഗമാണോയെന്നും ആണെങ്കിൽ ടി രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും

3) ടി സൂക്ളിന്റെ ട്രസ്റ്റ് ബൈലയിൽ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ സ്കൂളിന്റെ മാനേജ്മെന്റ് സർക്കാർ ഏറ്റെടുക്കേണ്ടതല്ലെ എന്നു തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 29.07.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) റിട്ട് ഹർജി നം. 38499/2017ൽ അന്തിമ ഉത്തരവ് ലഭിച്ചിട്ടില്ലെന്നും

പിരിവ് (2), (7) എന്നിവയ്ക്ക് അംഗീകൃത ട്രസ്റ്റ് ബൈലാ അനുസരിച്ച് ശ്രീ.സുശീ ലൻ, ശ്രീ.സുരേന്ദ്രൻ, ശ്രീ.സുഭാഷിതൻ എന്നിവർ ട്രസ്റ്റ് അംഗങ്ങളാണെന്നും ട്രസ്റ്റ് ബൈലായ്ക്ക് 4 പേജുകളാണുള്ളതെന്നും പേജൊന്നിന് 2 രൂപാ നിരക്കിൽ ആകെ 8 രൂപ ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് പകർപ്പുകൾ നൽകുമെന്നു മാണ്.

പിരിവ് (3), (4), (5), (6) എന്നിവയ്ക്ക് ചോദ്യങ്ങൾ, വ്യാഖ്യാനങ്ങൾ, വിശദീകരണങ്ങൾ, സ്പഷ്ടീകരണം എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്നുമാണ്.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 13.11.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ 19(1) പ്രകാരമുള്ളതല്ലെന്നും ടി അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ളത് ടി ഓഫീസിലെ എസ്.പി.ഐ.ഒ. നൽകിയ വിവരങ്ങളും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ മറുപടിയിലുണ്ടായിട്ടുള്ള വൈരുദ്ധ്യവുമാണെന്നും വിവരാവകാശ നിയമപ്രകാരം അതാത് ഓഫീസുകളിൽ ലഭ്യമായ വിവരങ്ങളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് മറുപടി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നുമാണ്. ഒരു ഓഫീസിലെ എസ്.പി.ഐ.ഒ. അവലംബിച്ച രേഖകളുടെയും വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് മറുപടി നൽകുന്നതെന്നും കൂടാതെ പ്രസ്തുത വകുപ്പിൽ ലഭ്യമായ രേഖകളുടെ പകർപ്പ് ടിയാന് നൽകിയിട്ടുമുണ്ടെന്നാണ്. ഒരേ കാര്യം സംബന്ധിച്ച് വ്യത്യസ്ത എസ്.പി.ഐ.ഒ. മാർ നൽകിയ മറുപടിയുടെ സാധുത പരിശോധിച്ച് വ്യക്തത വരുത്തുന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നറിയിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, കാലതാമസമുണ്ടായെങ്കിലും ഹർജിക്കാരന് ലഭ്യമായ വിവരങ്ങളെല്ലാം നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Ge/